പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2421 — 17/8/2017 ൽ മറുപടിക്ക്

**കന്നുകാലികൾക്ക് ഇൻഷ്വറൻസ്**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്ന നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | എ) | കന്നുകാലികളുടെ മരണം മൂലവും ഉത്പാദനക്ഷമത നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതി 2016-17 പ്രകാരം കററപശുക്കളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്.<br>2017-18 സംസ്ഥാന ബഡ്ജറ്റിൽ "ഗോസമൃദ്ധി" എന്ന പേരിൽ പദ്ധതി പ്രഖ്യാപിച്ചതുവഴി കേന്ദ്ര സഹായത്തിന്റെ അഭാവത്തിലും ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്തുവാൻ കഴിയും. ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി പ്രകാരം 60000 കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിലേയ്ക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.<br>ഉരുവിന്റെ പരമാവധി വില 50,000/-രൂപ എന്നു കണക്കാക്കി നിശ്ചയിച്ചിരിക്കുന്ന ഇൻഷ്വറൻസ് പ്രീമിയം തുകയുടെ നിശ്ചിത ശതമാനം സർക്കാരും ബാക്കിതുക ഗുണഭോക്താവുമാണ് വഹിക്കുന്നത്. ജനറൽ കാറ്റഗറിയിൽപ്പെട്ട ഗുണഭോക്താക്കൾ |

| | | | |
|---|---|---|---|
| | | | പ്രീമിയം തുകയുടെ 50%വും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർ പ്രീമിയം തുകയുടെ 30%വും വഹിച്ചാൽ മതിയാകും. ഗുണഭോക്തൃ വിഹിതത്തിന്റെ പകുതി പഞ്ചായത്തുകൾക്ക് അവരുടെ പദ്ധതി വിഹിതത്തിൽ നിന്നും റീഇമ്പേഴ്സ്മെന്റ് ക്ലെയിമായി പദ്ധതി വച്ച് നടപ്പിലാക്കാവുന്നതുമാണ്. |
| ബി) | ക്ഷീര കർഷകർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരാതികൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | ബി) | ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടില്ല. |
| (സി) | കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ നിന്ന് ക്ഷീര കർഷകരായ എത്ര പേർ ലോണുകൾക്കും വിവിധ പദ്ധതികൾക്കുമായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; ഇതിൽ എത്രപേർക്ക് ലോൺ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ? | സി) | മൃഗസംരക്ഷണ വകുപ്പിൽ നിന്നോ ക്ഷീരവികസന വകുപ്പിൽ നിന്നോ ക്ഷീരകർഷകർക്ക് ലോൺ നൽകുന്നില്ല.<br>മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിക്കായി 28 കർഷകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്<br>തീറ്റപ്പുൽ കൃഷിക്കായി 67 കർഷകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ